# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 – 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/166/2018 2018 ജൂലൈ 31

## പത്രക്കുറിപ്പ്

### മഹാത്മാഗാന്ധി സർവ്വകലാശാല: കൂടുതൽ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈനാകുന്നു

2018 ആഗസ്റ്റ് 1 മുതൽ സർവ്വകലാശാല നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ്, ബോധന മാധ്യമ സർട്ടിഫിക്കറ്റ് (Medium of instruction) എന്നീ സർട്ടിഫിക്കറ്റുകളും കോളേജ് മാറ്റം, കോളേജ് പുനഃപ്രവേശനം തുടങ്ങിയ സേവനങ്ങളും പൂർണ്ണമായും ഓൺലൈനാകുന്നു. ആഗസ്റ്റ് 1 മുതൽ ഇവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. സർട്ടിഫിക്കറ്റുകൾ അപേക്ഷകർക്ക് ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതും അപേക്ഷയുടെ ഓരോ ഘട്ടത്തിലും എസ്.എം.എസ്. അലർട്ട് നൽകുന്നതുമാണ്. മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, ഇക്വലൻസി സർട്ടിഫിക്കറ്റ് എന്നിവ ഇതിനോടകം തന്നെ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ certificates.mgu.ac.in എന്ന വെബ്സൈറ്റിലും സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിലും (www.mgu.ac.in) ലഭ്യമാണ്.

### എം.ജി. ബി.പി.എഡ്./ബി.എൽ.ഐ.സി പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 1 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻറ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബി.പി.എഡ്/ബി.എൽ.ഐ.സി. പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് **1** മുതൽ ആരംഭിക്കും. സർവ്വകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെരിറ്റ് സീറ്റുകളിലേക്കും, പട്ടികജാതി/പട്ടികവർഗ്ഗ /സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ എന്നിവർക്കായി സംവരണം, ചെയ്തിട്ടുള്ള സീറ്റുകളിലെ അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ രജിസ്ട്രേഷൻ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ BPEd/BLiSc CAP എന്ന ലിങ്കിൽ പ്രവേശിച്ച് നടത്താവുന്നതാണ്. 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ പേര്, ഇ മെയിൽ വിലാസം, ജനന തീയതി, സംവരണ വിഭാഗം എന്നീ വ്യക്തിഗത വിവരങ്ങൾ നൽകി പാസ്വേഡ് സൃഷ്ടിച്ചശേഷം ഓൺലൈനായി നിശ്ചിത ആപ്ലിക്കേഷൻ ഫീ ഒടുക്കേണ്ടതാണ്. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 1100/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 550/- രൂപയുമാണ്. ഇത്തരത്തിൽ അപേക്ഷാഫീസ് ഒടുക്കിയാൽ മാത്രമേ അപേക്ഷകന്റെ അക്കൗണ്ട് പ്രവർത്തനക്ഷമമാക്കുകയുള്ളൂ. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പരായിരിക്കും ലോഗിൻ ഐ.ഡി. ഓൺലൈനായി ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ വ്യക്തിഗത അക്കാദമിക വിവരങ്ങൾ നൽകേണ്ടതും വിശദമായ പരിശോധനകൾക്ക് ശേഷം ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 4 വരെ നടത്താവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന

കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കണം.

എൻ.ആർ.ഐ./വികലാംഗ/സ്പോർട്സ്/കൾച്ചറൽ/സ്റ്റാഫ് ക്വാട്ടാ വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ആഗസ്റ്റ് 4നകം നേരിട്ട് അപേക്ഷ സമർപ്പിക്കണം. അതിനാൽ ഇവർക്ക് ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിന് പ്രത്യേകമായി സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്കും മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്കുമുള്ള പ്രവേശനം സംബന്ധിച്ച സർവ്വകലാശാലാ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജധികൃതർ വിജ്ഞാപനത്തിലുള്ള തീയതികൾക്കാനുസൃതമായിതന്നെ പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. കോളേജധികൃതർ തങ്ങളുടെ ഇ-മെയിൽ ദിവസേന പരിശോധിക്കേണ്ടതാണ്.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽതന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലേക്ക് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

**എം.ജി. ഡിഗ്രി ഏകജാലകം: പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി രണ്ടാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹത നേടിയവർ ആഗസ്റ്റ് 2ന് വൈകിട്ട് 4.30ന് മുമ്പായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ആഗസ്റ്റ് **2**ന് വൈകീട്ട് **4.30**നകം കോളേജിൽ ഹാജരായി പ്രവേശനം നേടണം. ഫീസൊടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെൻറ് റദ്ദാക്കും.

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റിൽ പ്രവേശനത്തിനർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നപക്ഷം ഓൺലൈനായി ഒടുക്കുന്ന യൂണിവേഴ്സിറ്റി ഫീസിനു പുറമെ ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസ് കോളേജുകളിൽ ഒടുക്കി പ്രവേശം ഉറപ്പാക്കേണ്ടതാണ്.

മുൻ അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച എസ്.സി/എസ്.ടി വിഭാഗം താത്ക്കാലിക പ്രവേശനമെടുത്തവരുൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ആഗസ്റ്റ് **2**ന് വൈകുന്നേരം **4.30**ന് മുൻപ് സ്ഥിരപ്രവേശനം നേടാത്തപക്ഷം അത്തരം അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ എൽ.എൽ.എം. (ഏകവത്സരം) കോഴ്സിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ ആഗസ്റ്റ് **3**ന് രാവിലെ **11** മണിക്ക് അസ്സൽ രേഖകളുമായി വകുപ്പ് മേധാവിയുടെ മുമ്പാകെ ഹാജരാകണം.

**പരീക്ഷാഫലം**

2018 ജനവരിയിൽ എറണാകുളം ഗവ. ലോ കോളേജിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം - 2011ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 14 വരെ അപേക്ഷിക്കാം.

**2017** ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്. - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് **14** വരെ അപേക്ഷിക്കാം.

**2017** ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഹിന്ദി (സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് **14** വരെ അപേക്ഷിക്കാം.

**എം.ജി. ഗാന്ധിയൻ പഠനവകുപ്പിൽ പ്രഭാഷണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഗാന്ധിയൻ പഠനവിഭാഗത്തിൽ 'ശ്രീനാരായണ ഗുരുവിന്റെ ശിക്ഷണങ്ങളും കേരളത്തിലെ ഗ്രാമീണ ആരോഗ്യവും' എന്ന വിഷയത്തിൽ കേരള ചരിത്ര ഗവേഷണ കൗൺസിൽ ചെയർമാൻ പി.കെ. മൈക്കിൾ തരകൻ ആഗസ്റ്റ് 8ന് രാവിലെ 11 മണിക്ക് ഗാന്ധിയൻ പഠനവകുപ്പ് സെമിനാർ ഹാളിൽ പ്രഭാഷണം നടത്തും.

**സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷാ പരിശീലനം**

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക്, കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്ക് തസ്തികകളിലേക്കുള്ള നിയമനത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്ന തീവ്ര പരിശീലന പരിപാടിയിൽ ഏതാനും സീറ്റൊഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**